# ഗാർഹികാന്വേഷണത്തിൽ മേനേജ്മെന്റിന്റെ സാക്ഷികളെ എതിർവിസ്താരം ചെയ്യാൻ തൊഴിലാളിയെ അനുവദിച്ചില്ല: തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കി

**മദ്രാസ് ഹൈക്കോടതി**

W.P. No. 14156/2019 Dt. 11.11.2019

പ്രീമിയർ ഡിസ്റ്റലറീസ് (പി) ലിമിറ്റഡ്

x

ലേബർ കോർട്ട്

ഇന്ത്യൻ നിർമ്മിത വിദേശ മദ്യം മിശ്രണം ചെയ്ത് കുപ്പിയിൽ നിറയ്ക്കുന്ന പ്രവൃത്തിയാണ് ഫാക്ടറിയിൽ ചെയ്യുന്നത്. പ്രസ്തുത ജോലി ചെയ്യുന്നതിനു വേണ്ടി ധാരാളം തൊഴിലാളികളെ മേനേജ്മെന്റ് നിയമിച്ചിട്ടുണ്ട്. അപ്രകാരമിരിക്കെ ഇരുപത്തിയെട്ട് തൊഴിലാളികൾക്കെതിരെ പെരുമാറ്റദൂഷ്യം ആരോപിച്ച് മേനേജ്മെന്റ് അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി മേനേജ്മെന്റ് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു. ഗാർഹികാന്വേഷണത്തിൽ മേനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള സാക്ഷികളെ വിസ്തരിച്ചപ്പോൾ അവരെ എതിർവിസ്താരം ചെയ്യാൻ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ കുറ്റാരോപിതരായ തൊഴിലാളികൾക്ക് അവസരം നല്കിയില്ല. അന്വേഷണം പൂർത്തിയാക്കിയ അന്വേഷണ ഉദ്യോഗസ്ഥൻ തൊഴിലാളികൾക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ച് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളികളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളികൾ ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. കുറ്റാരോപിതർക്ക് മേനേജ്മെന്റിന്റെ സാക്ഷികളെ എതിർവിസ്താരം ചെയ്യാനുള്ള അവസരം നല്കാതെ നടത്തിയ ഗാർഹികാന്വേഷണം സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾക്ക് എതിരും അസാധുവുമാണെന്ന് പ്രഖ്യാപിച്ച ലേബർ കോടതി തൊഴിലാളികളെ പിരിച്ചുവിട്ടത് റദ്ദാക്കുകയും അവരെ മുൻകാല വേതനത്തോടെയും സർവ്വവിധ ആനുകൂല്യങ്ങളോടെയും തിരിച്ചെടുക്കണമെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണം അസാധുവാണെന്ന് കണ്ടതിനു ശേഷം തൊഴിലാളികളുടെ കുറ്റം തെളിയിക്കാൻ ലേബർ കോടതി അവസരം നല്കാതിരുന്നത് അന്യായമാണെന്ന് മേനേജ്മെന്റ് വാദിച്ചു. ഗാർഹികാന്വേഷണം നടത്തിയത് ശരിയായ വിധത്തിലല്ലെന്ന് കണ്ടയുടനെ തൊഴിലാളികളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചത് നിയമവിരുദ്ധമാണെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. തൊഴിലാളികളെ തിരിച്ചെടുക്കണമെന്ന് ലേബർ കോടതി ഉത്തരവിട്ടത് ന്യായീകരിക്കത്തക്കതല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. തൊഴിലാളികൾക്കെതിരെയുള്ള കുറ്റാരോപണം തെളിയിക്കാൻ മേനേജ്മെന്റിന് അവസരം നല്കുകയോ പുതിയ അന്വേഷണം നടത്താൻ ഉത്തരവിടുകയോ ചെയ്യാൻ ലേബർ കോടതി ബാധ്യസ്ഥമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. മേനേജ്മെന്റിന്റെ സാക്ഷികളെ എതിർവിസ്താരം ചെയ്യാൻ തൊഴിലാളികൾക്ക് അവസരം നല്കാതിരുന്ന ഗാർഹികാന്വേഷണ ഉദ്യോഗസ്ഥന്റെ നടപടി തെറ്റാണെന്നും ഹൈക്കോടതി വിധിച്ചു. ലേബർ കോടതിയുടെ ഉത്തരവും മേനേജ്മെന്റിന്റെ തീരുമാനവും റദ്ദാക്കിയ ഹൈക്കോടതി പുതിയ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് നിയമാനുസൃതം അന്വേഷണം നടത്തി ആറ് മാസത്തിനുള്ളിൽ പുതിയ തീരുമാനമെടുക്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി.